# അമൃത വിശ്വവിദ്യാപീഠവും ക്ലീവ് ലാൻഡ് സർവകലാശാലയും കരാറിൽ ഒപ്പിട്ടു

**എട്ടിമട:** അമൃത വിശ്വവിദ്യാപീഠം സർവകലാശാലയും അമേരിക്കയിലെ ക്ലീവ്‌ലാൻഡ് സർവകലാശാലയും വിദ്യാഭ്യാസ ഗവേഷണരംഗത്ത് സഹകരിച്ചുപ്രവർത്തിക്കാനുള്ള കരാറിൽ ഒപ്പുവെച്ചു. എട്ടിമടയിലെ അമൃത സർവകലാശാലയിൽ നടന്ന അന്താരാഷ്ട്ര സിമ്പോസിയം ഉദ്ഘാടനവേളയിലാണ് കരാർ ഒപ്പിട്ടത്. അമൃത സർവകലാശാലയ്ക്കുവേണ്ടി അഭയാമൃത ചൈതന്യയും ക്ലീവ് ലാൻഡ് സർവകലാശാലയ്ക്കുവേണ്ടി ഡോ. ടോഡി പെസക്കുമാണ് കരാറിൽ ഒപ്പുവെച്ചത്. അഞ്ചുവർഷം നീണ്ടുനിൽക്കുന്ന ഈ കരാറുപ്രകാരം അധ്യാപക, ഗവേഷണ വിദ്യാർഥികളെ പരസ്പരം അയയ്ക്കുന്നതിനും സംയോജിത ഗവേഷണപദ്ധതികൾ നടപ്പാക്കുന്നതിനും വ്യവസ്ഥയുണ്ട്. അമേരിക്കയിലെ ക്ലീവ് ലാൻഡ് സർവകലാശാലയിൽ പാരമ്പര്യ വൈദ്യശാസ്ത്രത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി ഒരു കേന്ദ്രം തന്നെയുണ്ട്. ഇവിടെ ആദിവാസികളുടെയും പാരമ്പര്യ വൈദ്യന്മാരുടെയും അറിവിനെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനങ്ങൾ നടന്നുവരുന്നു. ആധുനിക മരുന്നുകളുടെ പാർശ്വഫലങ്ങളെക്കുറിച്ച് അമേരിക്കയിലെ ജനങ്ങൾ ബോധവാന്മാരാണ്. ആയുർവേദം ഉൾക്കൊള്ളുന്ന പാരമ്പര്യ ചികിത്സാസമ്പ്രദായത്തിന് ഇന്നവിടെ ആവശ്യം ഏറിവരുന്നു. ക്ലീവ് ലാൻഡ് സർവകലാശാലയിലെ വിദ്യാർഥികളടക്കം 22 വിദേശപ്രതിനിധികൾ സിമ്പോസിയത്തിൽ പങ്കെടുത്തു.